# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 369 — 25.06.2014 -ൽ മറുപടിക്ക്

## നിർബന്ധിത എം.എം.ആർ വാക്സിൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. വി. ശിവൻകുട്ടി :<br>,, സാജു പോൾ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റൂബെല്ലാ രോഗത്തിനുള്ള പ്രതിരോധ കുത്തിവയ്പ് നിർബന്ധമാക്കിയത് ഏതെങ്കിലും ഗവേഷണ പഠനഫലമായാണോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ ; | (എ) റൂബെല്ലാ രോഗത്തിനുള്ള പ്രതിരോധ കുത്തിവയ്പ് നിർബന്ധമാക്കിയിട്ടില്ല.<br>ഗർഭിണികൾക്ക് റൂബെല്ലാ രോഗം ബാധിച്ചാൽ ഗർഭസ്ഥ ശിശുവിന് ജന്മനായുള്ള വൈകല്യങ്ങൾക്ക് സാധ്യതയുണ്ടെന്ന് ഗവേഷണ പഠനങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ട്. അംഗീകൃത മെഡിക്കൽ ഗ്രന്ഥങ്ങളിലെല്ലാം ഇക്കാര്യം പരാമർശിക്കുന്നുണ്ട്. ഈ വാക്സിൻ എല്ലാ രാജ്യങ്ങളും നൽകണമെന്ന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ശുപാർശ ചെയ്യുന്നുണ്ട്. |
| (ബി) എല്ലാ ശിശുക്കൾക്കും നൽകി വരുന്ന നിർബന്ധിത വാക്സിനായ എം.എം.ആർ. ഏതൊക്കെ രോഗപ്രതിരോധത്തിനുള്ളതാണെന്നറിയിക്കുമോ ; ഈ വാക്സിൻ ഫലപ്രദമല്ലെന്നതിന് എന്തെങ്കിലും പഠന റിപ്പോർട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) എം.എം.ആർ വാക്സിൻ നിർബന്ധിത വാക്സിനല്ല. മുണ്ടിനീര്, മീസിൽസ് അഥവാ മണ്ണൻ, റൂബെല്ലാ എന്നീ രോഗങ്ങളുടെ പ്രതിരോധങ്ങൾക്കാണ് ഈ വാക്സിൻ നൽകുന്നത്. ഈ വാക്സിൻ ഫലപ്രദമല്ലാ എന്ന് ഒരു പഠന റിപ്പോർട്ടും ലഭിച്ചിട്ടില്ല. |
| (സി) റൂബെല്ലാ രോഗം മാരകമാണോ ; ഇത് ഏത് തരത്തിലുള്ള പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്ന് അറിയിക്കാമോ ; ഈ പ്രതിരോധ കുത്തിവെയ്പ് ലക്ഷ്യവിഭാഗത്തിന് ആവശ്യഘട്ടത്തിൽ മാത്രം നൽകുന്നതുകൊണ്ട് എന്ത് കുഴപ്പമാണുള്ളതെന്ന് അറിയിക്കാമോ ? | (സി) റൂബെല്ല രോഗം മാരകമല്ല. ഗർഭാവസ്ഥയിൽ മാതാവിന് റൂബെല്ല രോഗബാധയേറ്റാൽ കുഞ്ഞുങ്ങളുടെ ഹൃദയം, കണ്ണ്, ചെവി, തലച്ചോറ് എന്നീ അവയവങ്ങൾക്ക് ജന്മനാ വൈകല്യമുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് വൈദ്യശാസ്ത്രത്തിൽ കൺജനിറ്റൽ റൂബെല്ലാ സിൻഡ്രോം എന്ന പേരിൽ അംഗീകൃതമായ വസ്തുതയാണ്.<br>ഈ വാക്സിൻ ഗർഭിണിയായിരിക്കുമ്പോൾ കൊടുക്കാൻ പാടില്ല.<br>കൗമാരപ്രായത്തിൽ വാക്സിൻ നൽകിയാൽ പ്രതിരോധശേഷി നേരത്തെ കൈവരിക്കുന്നതുകൊണ്ട് രോഗം പൂർണമായും തന്നെ തടയാൻ കഴിയും. കേരളത്തിൽ കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾ മുഴുവനും ഹൈസ്കൂൾ തലത്തിലൂടെ കടന്നുവരുന്നതുകൊണ്ട് ഈ വാക്സിൻ ഈ സമയത്ത് നൽകിയാൽ മുഴുവൻ പേർക്കും ഫലപ്രദമായി ഉപയോഗപ്രദമാകും. |

സെക്ഷൻ ഓഫീസർ